(സി) ഒല്ലൂക്കര, വെള്ളാങ്കല്ലൂർ, ചാലക്കുടി, മാള, പുഴയ്ക്കൽ എന്നീ ബ്ലോക്കുകളിൽ.

(ഡി) ചേർപ്പ് ബ്ലോക്കിന്റെ പാക്കേജ് തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടികൾ മാത്രമേ ആരംഭിച്ചിട്ടുള്ളു. മുൻഗണനാക്രമപ്രകാരം അന്തിക്കാട് ബ്ലോക്കിന്റെ കാര്യം പിന്നീടേ പരിഗണനയ്ക്ക് വരികയുള്ളു. റോഡുകൾ ഏതൊക്കെ ഉൾപ്പെടുത്തണമെന്ന് തീരുമാനം ആയിട്ടില്ല.

സ്വയം സഹായ സംഘങ്ങളിലൂടെ തൊഴിൽ

104 [2607] **ശ്രീമതി മേഴ്സി രവി :**
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്ന് നൂറ് ദിവസത്തിനുള്ളിൽ സ്വയം സഹായ സംഘങ്ങൾ വഴി എത്ര പേരെ തൊഴിൽ പദ്ധതികളിൽ ചേർക്കാനാണ് പരിപാടിയിട്ടത് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ കാലയളവിൽ എത്ര സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കപ്പെട്ടു; അതിൽ ആകെ എത്ര അംഗങ്ങളുണ്ട്;

(സി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര പേർക്ക് സ്വയംസഹായ സംഘങ്ങൾ വഴി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 12,000 ആളുകളെ സ്വയംസഹായ സംഘങ്ങൾ വഴിയുള്ള സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി) ഈ കാലയളവിൽ പുതുതായി 1770 സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ 18,585 അംഗങ്ങൾ ഉണ്ട്.

(സി) ഈ മന്ത്രിസഭ അധികാരത്തിൽ വന്ന ശേഷം ഇതുവരെ 11,136 പേർക്ക് എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം സ്വയംസഹായ സംഘങ്ങൾ മുഖേന സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട്.

എസ്.ജി.ആർ.വൈ. പ്രകാരമുള്ള കണ്ണൂർ ജില്ലയിലെ പദ്ധതികൾ

105 [2608] **ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ഏറ്റെടുത്തു പൂർത്തീകരിച്ച പദ്ധതികളെ സംബന്ധിച്ചും, ഓരോ പ്രവർത്തിക്കും ചെലവഴിച്ച തുകയെ സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly